പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 88 | 09/06/2014 ൽ മറുപടിയ്ക്ക്

## നെന്മാറ മണ്ഡലത്തിലെ അപകട മരണ ദുരിതാശ്വാസ ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി ചെന്താമരാക്ഷൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) അപകട മരണത്തിൽപ്പെടുന്നവരുടെ ആശ്രിതർക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്ന ധനസഹായം വിതരണം നടത്തുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (എ) അപകട മരണത്തിൽപ്പെടുന്നവരുടെ ആശ്രിതർക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്ന ധനസഹായം വിതരണം നടത്തുന്നതിന് മാത്രമായി സമയപരിധി നിശ്ചയിച്ചിട്ടില്ല. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ, ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യണമെന്നുള്ള പൊതു നിർദ്ദേശമാണ് നിലവിലുള്ളത്. |
| (ബി) നെന്മാറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഇപ്രകാരം അനുവദിച്ച ധനസഹായം ഏത് തിയ്യതി വരെയുള്ളതാണ് വിതരണം നടത്തിയിട്ടുള്ളത് എന്നു വിശദമാക്കുമോ ;<br>(സി) നിലവിൽ അനുവദിച്ച തുക എന്ന് വിതരണം ചെയ്യുവാൻ കഴിയുമെന്ന് വിശദമാക്കുമോ ? | (ബി) & (സി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. |

സെക്ഷൻ ഓഫീസർ.